# കേരള സർവകലാശാല

നം.പി.ആർ.139/2019

ഫോൺ: 2305738
9446173605

# പത്രക്കുറിപ്പ്

## പരീക്ഷാഫലം

2019 ജനുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ എം.സി.എ (2015 സ്കീം) റെഗുലർ & സപ്ലിമെന്ററി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 മാർച്ചിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്സ് റെഗുലർ ആന്റ് സപ്ലിമെന്ററി പരീക്ഷാഫലം വെബ്സൈറ്റിൽ.

2019 മാർച്ചിൽ നടത്തിയ ബി.എ ആന്വൽ സ്കീം പാർട്ട് I, II പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈൻ വിദ്യാർത്ഥികൾ ഓൺലൈനായും (de.keralauniversity.ac.in) ഓഫ്‌ലൈൻ വിദ്യാർത്ഥികൾ നിർദ്ദിഷ്ട ഫീസടച്ച് അപേക്ഷാ ഫോറത്തിൽ ജൂലൈ 20 വരെ അപേക്ഷിക്കാം. കരട് മാർക്ക്‌ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്. തോറ്റ വിദ്യാർത്ഥികൾക്ക് ഏപ്രിൽ/മേയ് 2019 സെഷനിലെ പരീക്ഷയ്ക്ക് പിഴകൂടാതെ ജൂലൈ 6 വരെയും 50 രൂപ പിഴയോടെ ജൂലൈ 9 വരെയും 125 രൂപ പിഴയോടെ ജൂലൈ 11 വരെയും അപേക്ഷിക്കാം.

## പരീക്ഷാഫീസ്

വിദൂര വിദ്യാഭ്യാസ പഠനകേന്ദ്രം ആഗസ്റ്റ് 12, 19 തീയതികളിൽ ആരംഭിക്കുന്ന ഒന്ന്, രണ്ട് സെമസ്റ്റർ എം.എൽ.ഐ.എസ്.സി പരീക്ഷകൾക്ക് പിഴ കൂടാതെ ജൂലൈ 6 വരെയും 50 രൂപ പിഴയോടെ ജൂലൈ 10 വരെയും 125 രൂപ പിഴയോടെ ജൂലൈ 12 വരെയും ഓൺലൈനായി അപേക്ഷിക്കാം.

2019 ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ നടക്കുന്ന യൂണിറ്ററി (ത്രിവത്സരം) എൽ.എൽ.ബി (2012 അഡ്മിഷൻ) മേഴ്സിചാൻസ് പരീക്ഷകളുടെ ജൂലൈ 9 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ പരീക്ഷകൾക്ക് പിഴ കൂടാതെ ജൂലൈ 2 വരെയും 50 രൂപ പിഴയോടെ ജൂലൈ 3 വരെയും 125 രൂപ പിഴയോടെ ജൂലൈ 4 വരെയും ജൂലൈ 22 ന് ആരംഭിക്കുന്ന ആറാം സെമസ്റ്റർ പരീക്ഷകൾക്ക് പിഴ കൂടാതെ ജൂലൈ 5 വരെയും 50 രൂപ പിഴയോടെ ജൂലൈ 8 വരെയും 125 രൂപ പിഴയോടെ ജൂലൈ 10 വരെയും ആഗസ്റ്റ് 5 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ പരീക്ഷകൾക്ക് പിഴകൂടാതെ ജൂലൈ 15 വരെയും 50 രൂപ പിഴയോടെ ജൂലൈ 17 വരെയും 125 രൂപ പിഴയോടെ ജൂലൈ 19 വരെയും ഓഫ്‌ലൈനായി സർവകലാശാല ഓഫീസിൽ നേരിട്ട് സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ഒന്നാം വർഷ ബിരുദ, ബിരുദാനന്തര ബിരുദ പ്രവേശനം 2019

ഒന്നാം വർഷ യു.ജി/പി.ജി പ്രോഗ്രാമുകളിലെ പ്രവേശനത്തിന് പുതിയ രജിസ്ട്രേഷനും, നിലവിലെ അപേക്ഷയിൽ മാറ്റം (തിരുത്തൽ) വരുത്തുന്നതിനും, കമ്മ്യൂണിറ്റി ക്വാട്ട/സപോർട്സ് ക്വാട്ടകളിലേയ്ക്കുമുള്ള ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുമുള്ള അവസാന തീയതി 2019 ജൂൺ 30. പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും നിശ്ചിത തീയതിക്കു മുൻപ് നടപടികൾ പൂർത്തിയാക്കണം. നിശ്ചിത തീയതി കഴിഞ്ഞു വരുന്ന അപേക്ഷകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. വിശദവിവരങ്ങൾക്ക് വെബ്സൈറ്റ് (https://admissions.keralauniversity.ac.in)സന്ദർശിക്കുക.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## യോഗ രജിസ്ട്രേഷൻ

കായിക പഠന വകുപ്പ് സർവകലാശാല സ്റ്റേഡിയത്തിൽ പൊതു ജനങ്ങൾക്കായി മാസംതോറും സംഘടിപ്പിച്ചു വരുന്ന യോഗ പരിശീലന പരിപാടിയുടെ ജൂലൈ മാസത്തേയ്ക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു. അപേക്ഷ ഫോം ജി.വി രാജ പവലിയനിൽ പ്രവർത്തിക്കുന്ന കായിക പഠന വകുപ്പ് ഓഫീസിൽ നിന്നും ലഭിക്കും. വിശദവിവരങ്ങൾക്ക്: 8921507832/0471 – 2306485

## അപേക്ഷ ക്ഷണിക്കുന്നു

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ചൈൽഡ് ഡെവലപ്മെന്റ് സെന്ററുമായി ചേർന്ന് നടത്തുന്ന ഒരു വർഷം ദൈർഘ്യമുള്ള കോഴ്സുകളിലേയ്ക്ക് അപേക്ഷ ക്ഷണിക്കുന്നു. 1. പി.ജി ഡിപ്ലോമ ഇൻ ഡവലപ്പ്മെന്റ് ന്യൂറോളജി 2. പി.ജി ഡിപ്ലോമ ഇൻ അഡോളസെന്റ് പീഡിയാട്രിക്സ് 3. പി.ജി ഡിപ്ലോമ ഇൻ ഹെൽത്ത് സയൻസ് റിസർച്ച് 4. പി.ജി ഡിപ്ലോമ ഇൻ ചൈൽഡ് അഡോളസെന്റ് ആന്റ് ഫാമിലി കൗൺസലിംഗ്. അപേക്ഷകൾ ലഭിക്കാൻ ഡയറക്ടർ സി.എ.സി.ഇ.ഇ കേരള സർകലാശാലയുടെ പേരിൽ ബാങ്കിൽ നിന്നും 510 രൂപയുടെ ഡി.ഡി സഹിതം പി.എം.ജി ജംഗ്ഷനിലെ സി.എ.സി.ഇ.ഇ ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 0471 – 2302523, 0471 – 2553540. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 15.

തിരുവനന്തപുരം,
28-06-2019

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ – ചാർജ്)